**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3026** **07-10-2025 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണങ്ങൾക്ക് ഇരയാകുന്നവർക്കുള്ള സഹായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. പി. കെ. ബഷീർ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവി ആക്രമണത്താൽ മരണമടയുന്നവരുടെയും പരിക്കേൽക്കുന്നവരുടെയും കുടുംബങ്ങൾക്ക് നിലവിൽ നൽകി വരുന്ന സഹായങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (എ) | മനുഷ്യ-വന്യജീവി സംഘർഷം മൂലമുള്ള കഷ്ടനഷ്ടങ്ങൾക്ക് വനം വകുപ്പ് നഷ്ടപരിഹാരം നൽകുന്നത് 1980-ലെ കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരമാണ്. ഇതിൻ്റെ ഭാഗമായുള്ള 05/04/2018-ലെ സ.ഉ. (കൈ) നം. 17/2018/വനം, 25/10/2022 ലെ സ.ഉ. (കൈ) നം. 50/2022/വനം, 20/01/2024-ലെ സ.ഉ. (കൈ) നം. 03/2024/വനം എന്നിവ പ്രകാരമാണ് മനുഷ്യ-വന്യജീവി സംഘർഷത്തിൽ പരിക്കേറ്റവർക്കും മരണമടയുന്നവർക്കും നിലവിൽ നഷ്ടപരിഹാരം നൽകി വരുന്നത്. ടി ഉത്തരവുകൾ പ്രകാരം ജീവഹാനി സംഭവിക്കുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് നഷ്ടപരിഹാരമായി അനുവദിക്കുന്നത് 10 ലക്ഷം രൂപയാണ്. വനത്തിന് പുറത്ത് വച്ച് സംഭവിക്കുന്ന പാമ്പുകടി, തേനീച്ച, കടന്നൽ എന്നിവയുടെ കുത്ത് എന്നിവ മൂലം ഉണ്ടാകുന്ന ജീവഹാനിക്ക് നഷ്ടപരിഹാരമായി 2 ലക്ഷം രൂപയും നൽകി വരുന്നു. പാമ്പുകടി, തേനീച്ച, കടന്നൽ എന്നിവയുടെ കുത്ത് എന്നിവ മൂലം ഉണ്ടാകുന്ന ജീവഹാനിക്ക് അനുവദിക്കുന്ന നഷ്ടപരിഹാരം നിലവില 4 ലക്ഷമായി ഉയർത്തിയിട്ടുണ്ട്. സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും പരിക്ക് ഏല്ക്കുന്ന വ്യക്തികൾക്ക് ചികിത്സയ്ക്ക് ചെലവാകുന്ന തുക, പരമാവധി ഒരു ലക്ഷം രൂപ വരെയും അനുവദിച്ചുവരുന്നു. പട്ടിക വർഗ്ഗക്കാരുടെ കാര്യത്തിൽ ചികിത്സാ ചെലവ് മുഴുവനായും അനുവദിച്ചു വരുന്നു. സ.ഉ.(കൈ) നം. 02/2015/വനം തീയതി 08/01/2015 പ്രകാരം കൃഷി നാശത്തിന് നഷ്ടപരിഹാരം നൽകി വരുന്നു. |

| | | | |
|---|---|---|---|
| | | | സ.ഉ.(സാധാ) നം. 304/2025/DMD തീയതി 09/05/2025 പ്രകാരം മനുഷ്യ-വന്യജീവി സംഘർഷ ബാധിതർക്കുള്ള നഷ്ടപരിഹാരം വിതരണം ചെയ്യുന്ന രീതിയും പാമ്പുകടി, തേനീച്ച / കടന്നൽ കുത്ത് എന്നിവമൂലം മരണം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് മേൽപ്പറഞ്ഞ പ്രകാരം നൽകിയിരുന്ന നഷ്ടപരിഹാരത്തുകയും നിലവിൽ പരിഷ്കരിച്ചിട്ടുണ്ട്. അതായത് പാമ്പുകടിയേറ്റോ തേനീച്ച കടന്നൽ എന്നിവയുടെ കുത്തേറ്റോ സംഭവിക്കുന്ന ജീവഹാനിയ്ക്ക് നൽകുന്ന നഷ്ടപരിഹാരം 4 ലക്ഷം രൂപയായി വർധിപ്പിച്ചിട്ടുണ്ട്. ടി ഉത്തരവിന് 07/03/ 2024 തീയതി മുതൽ മുൻകാല പ്രാബല്യം അനുവദിച്ചിട്ടുണ്ട്. പുതുക്കിയ നഷ്ടപരിഹാര വിതരണ രീതിക്ക് അനുസൃതമായി ഓൺലൈൻ പോർട്ടൽ തയ്യാറാകുന്ന മുറയ്ക്ക് പുതുക്കിയ നിരക്കിൽ നഷ്ടപരിഹാര വിതരണം ചെയ്യുന്നതാണ്. പുതിയ പോർട്ടൽ തയാറാകുന്നത് വരെ പഴയ രീതിയിലുള്ള നഷ്ടപരിഹാര രീതിയാണ് തുടർന്ന് വരുന്നത്. ഇ-ഡിസ്ട്രിക്ട് പോർട്ടൽ വഴി ഓൺലൈനായാണ് നിലവിൽ അപേക്ഷ സമർപ്പിക്കേണ്ടത്. |
| (ബി) | വന്യജീവി ആക്രമണത്തിൽ ജീവൻ നഷ്ടപ്പെടുന്നവരുടെ കുടുംബാംഗങ്ങൾക്ക് ജോലി നൽകാനും കുട്ടികളുടെ വിദ്യാഭ്യാസ ചെലവ് ഏറ്റെടുക്കാനും ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | മരണപ്പെട്ടവരുടെ ആശ്രിതരുടെ ജീവിതസാഹചര്യവും, മാനുഷിക പരിഗണനയും കണക്കിലെടുത്ത് ആശ്രിതർക്ക് താൽക്കാലിക ജോലി നൽകിയിട്ടുണ്ട്. നിലവിലെ നിയമങ്ങളും ചട്ടങ്ങളും പ്രകാരം മനുഷ്യ-വന്യജീവി സംഘർഷത്തിൽ ജീവൻ നഷ്ടപ്പെടുന്നവരുടെ കുടുംബാംഗങ്ങൾക്ക് ജോലി നൽകുന്നതിനോ കുട്ടികളുടെ വിദ്യാഭ്യാസ ചെലവുകൾ ഏറ്റെടുക്കുവാനോ ഉള്ള വ്യവസ്ഥകളില്ല. |
| (സി) | വന്യജീവി ആക്രമങ്ങൾക്കിരയായി സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്നവരുടെ മുഴുവൻ ചെലവും ഏറ്റെടുക്കാൻ തയ്യാറാകുമോ; | (സി) | ചട്ടപ്രകാരമുള്ള പരിധിക്കുള്ളിൽ വരുന്ന ചികിത്സാ സഹായ നൽകുന്നതിന് സർക്കാർ, സ്വകാര്യ ആശുപത്രികൾ എന്ന വ്യത്യാസം ഇല്ലാത്തതാകുന്നു. ചികിത്സാചെലവ് അനുവദിക്കുന്നതിന് രജിസ്റ്റേഡ് മെഡിക്കൽ പ്രാക്ടീഷണറുടെ സാക്ഷ്യപ്പെടുത്തിയ ബില്ലുകൾ സമർപ്പിച്ചാൽ മതിയാകുന്നതാണ് എന്നാൽ ഉയർന്ന പരിധിയിൽ കവിഞ്ഞ ചികിത്സാ ചെലവ് അനുവദിക്കുന്നതി നിലവിൽ വ്യവസ്ഥയില്ല. |
| (ഡി) | നിലവിൽ നൽകി വരുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ? | (ഡി) | മനുഷ്യ വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ട നഷ്ടപരിഹാര തുകകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നുണ്ട് . സ.ഉ.(സാധാ) നം. 304/2025/DMD തീയതി 09/05/2025 പ്രകാരം മനുഷ്യ-വന്യജീവി സംഘർഷ ബാധിതർക്കുള്ള നഷ്ടപരിഹാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ നിലവിൽ പരിഷ്കരിച്ചിട്ടുണ്ട്. വനം വകുപ്പും ,ദുരന്ത നിവാരണ വകുപ്പും സംയുക്തമായി പ്രസ്തുത പരിഷ്ക്കരിച്ച മാനദണ്ഡങ്ങൾക്കനുസൃതമായി |

| | | | |
|---|---|---|---|
| | | | പുതുക്കിയ നഷ്ടപരിഹാരത്തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു. ഇതിനായുള്ള ഓൺലൈൻ പോർട്ടൽ തയ്യാറാക്കുന്ന നടപടി ത്വരിതഗതിയിൽ നടന്നുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ